**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക.**
**1 സ്കോർ വീതം.** **(8 × 1 = 8)**

1. ജോലിസ്ഥലത്തെ ഇടപെടൽ കാരണം സ്വയമേവ ഉണ്ടാകുന്ന സാമൂഹിക ബന്ധത്തിന്റെ ശൃംഖലയെ തിരിച്ചറിയുക.
   (a) വികേന്ദ്രീകരണം
   (b) അധികാര കൈമാറ്റം
   (c) അനൗപചാരിക സംഘടന
   (d) ഔപചാരിക സംഘടന

2. പരമ്പര പൂർത്തിയാക്കുക :
   (a) ഉന്നതതല മാനേജ്മെന്റ് – മാനേജിങ് ഡയറക്ടർ
   (b) മധ്യതല മാനേജ്മെന്റ് – ___?___
   (c) പ്രവർത്തനതല മാനേജ്മെന്റ് – ___?___


3. എൽ.പി.ജി. യുടെ പൂർണ്ണരൂപം ________.

4. ആസൂത്രണത്തിന്റെ ആദ്യത്തെ ഘട്ടമാണ് ________.
   (a) ഒരു സാധ്യത കണ്ടെത്തുക
   (b) ലക്ഷ്യങ്ങൾ നിർണയിക്കുക
   (c) സങ്കൽപ്പങ്ങൾ വികസിപ്പിക്കുക
   (d) ആസൂത്രണം നടപ്പിലാക്കുക.

5. ഇനിപ്പറയുന്നവയിൽ ഏതൊക്കെയാണ് റിക്രൂട്ട്മെന്റിന്റെ ആഭ്യന്തര ഉറവിടങ്ങൾ :
   (a) കാംപസ് ഇന്റർവ്യൂ (b) സ്ഥാനക്കയറ്റം
   (c) തൊഴിൽ കരാറുകൾ (d) സ്ഥലംമാറ്റം
   (i) (a) & (b) (ii) (b) & (c)
   (iii) (a) & (d) (iv) (b) & (d)

6. സന്ദേശത്തെ ആശയവിനിമയ ചിഹ്നങ്ങളായി പരിവർത്തനം ചെയ്യുന്ന പ്രക്രിയയാണ്.
   (a) മാധ്യമം (b) എൻകോഡിങ്
   (c) പ്രതികരണം (d) ഡീകോഡിങ്

7. പരമ്പര പൂർത്തിയാക്കുക :




8. ഒരു വർഷത്തിനുള്ളിൽ പണമായി മാറ്റുമെന്ന് പ്രതീക്ഷിക്കുന്ന ആസ്തികളെ ________ എന്ന് വിളിക്കുന്നു.

(a) സ്ഥിര ആസ്തികൾ (b) ഹ്രസ്വ ആസ്തികൾ

(c) ടാൻജിബിൾ അസ്തികൾ (d) ഇൻടാൻജിബിൾ ആസ്തികൾ

9. ഒരു കമ്പനിയെ അതിന്റെ ഉത്പന്നത്തെ എതിരാളികളിൽ നിന്ന് വേർതിരിക്കാൻ ________ സഹായിക്കുന്നു.

(a) ബ്രാൻഡിന്റെ (b) ലേബലിങ്ങ്

(c) പാക്കേജിങ്ങ് (d) വില നിർണ്ണയം

10. ഏത് ഉൽപ്പന്നങ്ങൾ വാങ്ങാനാണ് ധാരാളം സമയവും പരിശ്രമവും ചെലവഴിക്കാൻ ഉപഭോക്താക്കൾ തയ്യാറാവുന്നത് ?

(a) സൗകര്യപ്രദമായ ഉൽപ്പന്നങ്ങൾ

(b) ഷോപ്പിങ്ങ് ഉൽപ്പന്നങ്ങൾ

(c) വിശിഷ്ട ഉൽപ്പന്നങ്ങൾ

(d) പെട്ടെന്ന് കേടുവരാത്ത ഉൽപ്പന്നങ്ങൾ

11 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരം എഴുതുക.

2 സ്കോർ വീതം. (5 × 2 = 10)

11. മാനേജ്മെന്റിന്റെ മറ്റെല്ലാ ധർമ്മങ്ങളെയും ബന്ധിപ്പിക്കുന്ന ശക്തിയെ തിരിച്ചറിയുകയും പ്രസ്താവിക്കുകയും ചെയ്യുക.

12. ജീവനക്കാരുടെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്ന ക്ഷീണത്തിന്റെ ഏതെങ്കിലും രണ്ട് കാരണങ്ങൾ എഴുതുക.

13. മാറികൊണ്ടിരിക്കുന്ന പരിസ്ഥിതിയിൽ ആസൂത്രണം പ്രായോഗികമാണ് എന്ന് നിങ്ങൾ കരുതുന്നുണ്ടോ ? (അതെ / അല്ല ) കാരണം വ്യക്തമാക്കുക.

14. ആരാണ് ലൈസസ് ഫെയർ നേതാവ് ?

15. വിപണനത്തിൽ പ്രോത്സാഹനത്തിനായി മിശ്രിതത്തിന്റെ ഒരു ഘടകമായ വിൽപ്പന പ്രോൽസാഹനത്തിന്റെ പങ്ക് ചുരുക്കി വിശദമാക്കുക.

16. ഉപഭോക്തൃ സംരക്ഷണനിയമ പ്രകാരം ആരാണ് ഉപഭോക്താവ്?

17 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരം എഴുതുക.

3 സ്കോർ വീതം. (5 × 3 = 15)

17. 'അധികാരശ്രേണി' എന്ന തത്ത്വവും ഗാങ് പ്ലാങ്കും വിശദീകരിക്കുക. (ഡയഗ്രം ഉപയോഗിച്ച്)

18. അധികാരകൈമാറ്റത്തിന്റെ ഘടകങ്ങൾ വിശദമാക്കുക.

19. പരിശീലനവും വികാസവും തമ്മിലുള്ള വ്യത്യാസം എഴുതുക. (മൂന്നെണ്ണം എഴുതുക)

20. എന്തൊക്കെയാണ്, ആശയവിനിമയത്തിലെ പദസംബന്ധമായ തടസ്സങ്ങൾ (എതെങ്കിലും മൂന്നെണ്ണം)

21. ധനകാര്യ മാനേജ്മെന്റിന്റെ പ്രധാന ലക്ഷ്യങ്ങളേതെല്ലാം ? ചുരുക്കി വിവരിക്കുക.

22. ഉപഭോക്തൃ സംരക്ഷണ നിയമ പ്രകാരം ഉപഭോക്താക്കൾക്ക് ലഭ്യമായ പരാതി പരിഹാര സംവിധാനങ്ങൾ ചുരുക്കി വിവരിക്കുക.

**23 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 4 സ്കോർ വീതം.** **(4 × 4 = 16)**

23. ഡയഗ്രം ഉപയോഗിച്ച് ടെയ്ലർ നിർദേശിച്ച ഫങ്ഷണൽ ഫോർമാൻഷിപ്പ് എന്ന ആശയ വിശദീകരിക്കുക.

24. (i) ബിസിനസ്സ് പരിസ്ഥിതി എന്നതു കൊണ്ട് നിങ്ങൾ മനസ്സിലാക്കുന്നത് എന്ത് ?

    (ii) ബിസിനസ്സ് സ്ഥാപനങ്ങൾ എന്തുകൊണ്ട് അവയുടെ പരിസ്ഥിതിയെക്കുറിച്ച് മനസ്സിലാക്കേണ്ടതിന്റെ പ്രാധാന്യം വിശദമാക്കുക. (ഏതെങ്കിലും 2 എണ്ണം)

25. മാനേജമെന്റിന്റെ ധർമ്മമായ നിയന്ത്രണത്തിന്റെ പരിമിതികൾ വിശദമാക്കുക.

26. 'ട്രേഡിംങ് ഓൺ ഇക്വിറ്റി' എന്താണെന്ന് വിവരിക്കുക. ഒരു കമ്പനി ഇത് എപ്പോൾ എങ്ങനെ, എന്തിന് ഉപയോഗിക്കുന്നവെന്ന് വ്യക്തമാക്കുക.

27. ഒരു ഉൽപ്പന്നത്തിന്റെയോ സേവനത്തിന്റെയോ വില നിർണ്ണയിക്കുന്നതിനെ ബാധിക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുക. (ഏതെങ്കിലും 4 എണ്ണം).

**28 മുതൽ 31 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം.** **(3 × 5 = 15)**

28. വികേന്ദ്രീകരണം എന്നത് ഐച്ഛികമായ നയമാണ്. ഒരു സംഘടന വികേന്ദ്രീകൃതമാകുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുക.

29. "തുടർച്ചയും പരസ്പര ബന്ധവുമുള്ള കുറെയധികം ധർമ്മങ്ങളുടെ ആകെത്തുകയാണ് മാനേജ്മെന്റ്" – വിശദമാക്കുക.

30. ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (1) | നയങ്ങൾ | (a) | നിർദ്ദിഷ്ട പ്രസ്താവനകൾ |
| (2) | നടപടി ക്രമങ്ങൾ | (b) | വിശദമായ പ്രസ്താവനകൾ |
| (3) | നിയമം | (c) | നിശ്ചിതമായ മാർഗങ്ങൾ |
| (4) | പരിപാടി | (d) | പതിവ് ഘട്ടങ്ങൾ |
| (5) | രീതി | (e) | പൊതുവായ പ്രസ്താവനകൾ |

31. ലാഭ വിഹിത തീരുമാനത്തെ ബാധിക്കുന്ന ഘടകങ്ങളെതെല്ലാമെന്ന് വിശദീകരിക്കുക. (ഏതെങ്കിലും 5 എണ്ണം)

**32 മുതൽ 34 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. 8 സ്കോർ വിതം.** **(2 × 8 = 16)**

32. ഉദ്യോഗാർത്ഥികളുടെ തിരഞ്ഞെടുപ്പിന്റെ നടപടി ക്രമങ്ങളെക്കുറിച്ച് വിവരിക്കുക.

33. ഒരു കമ്പനിയുടെ ജീവനക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഉപയോഗിക്കുന്ന വിവിധ സാമ്പത്തിക സാമ്പത്തികേതര പ്രോത്സാഹനങ്ങൾ ഏതൊക്കെയാണ്. വിശദമാക്കുക. (ഏതെങ്കിലും 8 എണ്ണം)

34. വിപണനം എന്നാൽ എന്താണ് ? ചരക്കുകളുടെയും സേവനങ്ങളുടെയും കൈമാറ്റ പ്രക്രിയയിൽ വിപണനത്തിന്റെ ധർമ്മങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുക. (ഏതെങ്കിലും 7 എണ്ണം)